ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച 106 ചില്ലറ മദ്യ വിൽപ്പന ശാലകളിൽ 89 എണ്ണം ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) കണ്ണൂർ ജില്ലയിലെ മണത്തണ, പഴയങ്ങാടി, ചെറുപുഴ എന്നിവിടങ്ങളിൽ ആരംഭിച്ചു. ശ്രീകണ്ഠപുരം, ഉളിക്കൽ എന്നിവിടങ്ങളിൽ തുടങ്ങാൻ നടപടി ആയിട്ടുണ്ട്.

റേഷനിംഗ് സംവിധാനം നേരിടുന്ന തകർച്ച

34 [4773] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, മത്തായി ചാക്കോ:
,, വി. കെ. സി. മമ്മർകോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷനിംഗ് സംവിധാനം നേരിടുന്ന തകർച്ച സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനു പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ റേഷൻകടകളിൽക്കൂടി പ്രതിമാസം എത്ര ലക്ഷം ടൺ അരിയും ഗോതമ്പുമാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര സർക്കാർ സംസ്ഥാനത്തിനു നൽകി വന്നിരുന്ന ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അലോട്ട്മെന്റ് വെട്ടിക്കുറച്ചിട്ടുണ്ടോ; കേരളത്തിന് അർഹതപ്പെട്ട അലോട്ട്മെന്റ് എത്രയായിരുന്നു;

(ഇ) ബി. പി. എൽ., എ. എ. വൈ., അന്നപൂർണ്ണ എന്നീ ഇനങ്ങളിൽക്കൂടി സംസ്ഥാനത്തെ എത്ര ശതമാനം പേർക്കാണ് റേഷൻ നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) റേഷൻ കടകളിൽക്കൂടി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾക്ക് സബ്സിഡി നൽകി പൊതുവിതരണ സമ്പ്രദായം നിലനിർത്താൻ നടപടി സ്വീകരിക്കുമോ;

(ജി) ഇപ്പോൾ സംസ്ഥാനത്ത് റേഷൻ കടകളിൽക്കൂടി എത്ര ടൺ ധാന്യങ്ങൾ വീതം പ്രതിമാസം വിതരണം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റേഷൻ സംവിധാനത്തിന് പണ്ടുണ്ടായിരുന്ന ആകർഷണത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും തകർച്ച നേരിടുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റേഷൻ വിതരണത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് യഥാസമയം ലഭ്യമാക്കുക, അവ ഗുണനിലവാരം ഉള്ളവയാണെന്നും കാർഡുടമകൾക്ക് മുടക്കം കൂടാതെ വിതരണം ചെയ്യുന്നുണ്ടെന്നും ഉറപ്പു വരുത്തുക തുടങ്ങിയ കാര്യങ്ങളിൽ എല്ലാ തലങ്ങളിലും നിരന്തരം ജാഗ്രത പുലർത്തിവരുന്നു. ഫുഡ് കോർപ്പറേഷൻ വഴി ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ പരിശോധിച്ച് വിതരണയോഗ്യമാണെന്ന് ഉറപ്പുവരുത്തിയ ശേഷമേ റേഷൻ കടകൾവഴി വിതരണം ചെയ്യാറുള്ളൂ. ഗുണനിലവാരം ഇല്ലാത്ത ഭക്ഷ്യധാന്യങ്ങൾ ഒരു കാരണവശാലും വിതരണത്തിനെടുക്കരുതെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ മാത്രം വിതരണം ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോടും ഫുഡ് കോർപ്പറേഷനോടും നിരന്തരം ആവശ്യപ്പെടുന്നുമുണ്ട്. റേഷൻ കടകൾ നിശ്ചിതസമയം മുഴുവൻ തുറന്ന് പ്രവർത്തിക്കണമെന്നും സ്റ്റോക്കും വിലവിവരവും പ്രദർശിപ്പിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവിതരണ രംഗത്ത് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിന് സഹായകമാകുംവിധം റേഷൻ വ്യാപാരികളുടെ കമ്മീഷനിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്.

(സി) ഒരു മാസം വിതരണം ചെയ്യുന്ന അരി, ഗോതമ്പ് എന്നിവയുടെ ശരാശരി കണക്ക് ചുവടെ ചേർക്കുന്നു:

എ.പി.എൽ. അരി	:	281.87	മെട്രിക്ടൺ
ബി.പി.എൽ. അരി	:	29034.95	,,
എ.എ.വൈ. അരി	:	8926.50	,,
അന്നപൂർണ്ണ അരി	:	376.25	,,
ഗോതമ്പ്	:	13057.93	,,

(ഡി) ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് വെട്ടിക്കുറച്ചിട്ടില്ല. മണ്ണെണ്ണയുടെ അലോട്ട്മെന്റിൽ കുറവ് വരുത്തിയിട്ടുണ്ട്. 2001 ഏപ്രിൽ മാസത്തിൽ 28,849 കിലോ ലിറ്റർ മണ്ണെണ്ണ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. അത് 2002 ഏപ്രിൽ മാസത്തിൽ 25,353 കിലോ ലിറ്ററായും 2003 ഏപ്രിൽ മാസം മുതൽ 24,013 കിലോ ലിറ്ററായും കുറയ്ക്കുകയുണ്ടായി. സംസ്ഥാനത്തിന് ആവശ്യമായ മണ്ണെണ്ണ പ്രതിമാസം 29,675 കിലോ ലിറ്റർ ആണ്.

(ഇ) ബി.പി.എൽ., എ.എ.വൈ., അന്നപൂർണ്ണ എന്നീ വിഭാഗങ്ങളിൽപ്പെട്ട റേഷൻ വിതരണത്തിന്റെ ഗുണഭോക്താക്കൾ സംസ്ഥാന ജനസംഖ്യയുടെ 32.16 ശതമാനമാണ്.

(എഫ്) കേന്ദ്രം ബി.പി.എൽ. അരി 15.35 ലക്ഷം കുടുംബത്തിനുമാത്രം അനുവദിച്ചപ്പോൾ സംസ്ഥാന സർക്കാർ 20.56 ലക്ഷം കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സബ്സിഡി നിരക്കിൽ ഇപ്പോൾ അരി നൽകി വരുന്നുണ്ട്. ഇതിനായി 110 കോടി രൂപ ബജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടെങ്കിലും ഈ തുക മുഴുവനായും ഉപയോഗിക്കേണ്ടി വരുന്നില്ല. എ.പി.എൽ. വിഭാഗത്തിനുകൂടി സബ്സിഡി അനുവദിക്കാൻ സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല.

(ജി) വിശദ വിവരങ്ങൾ ചോദ്യത്തിന്റെ (സി) വിഭാഗത്തിനുള്ള മറുപടിയിൽ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly